മി. സ്പീക്കർ: നമുക്കെല്ലാവർക്കും അദ്ദേഹത്തിന്റെ നിര്യാണത്തിലുള്ള അനുശോചനം രേഖപ്പെടുത്താൻ ഒരു മിനിട്ട് സമയം എഴുന്നേറ്റു നിൽക്കാം.

[The House then stood in silence for a minute as a token of respect to the memory of the departed.]

ശ്രീ. എം. കെ. എ. ഹമീദ്: പ്രൈവറ്റു മെമ്പേഴ്സ് ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് ഇവിടെ സമർപ്പിച്ചിരിക്കുകയാണ്. അതു ഇവിടെ ഇപ്പോഴേ ചർച്ച ചെയ്യുന്നുണ്ടോ? അതിനെപ്പറ്റി അഭിപ്രായം പറയാമോ?

മി. സ്പീക്കർ: അഡാപ്റ്റു ചെയ്യാനുള്ള മോഷൻ വരുമ്പോഴേ മതിയല്ലോ?

7. MEMBER SWORN

മി. സ്പീക്കർ: ഇനി മലമ്പുഴ നിയോജക മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട മെമ്പർക്കു സത്യപ്രതിജ്ഞ ചെയ്യാം.

ശ്രീ. വി. കൃഷ്ണദാസ്: "വി. കൃഷ്ണദാസായ ഞാൻ നിയമസഭയിലെ ഒരു അംഗമായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതിനാൽ നിയമമനുസരിച്ചു സ്ഥാപിതമായിട്ടുള്ള ഇന്ത്യൻ സംവിധാനത്തോടു യഥാർത്ഥമായ വിശ്വാസവും കൂറും വഹിക്കുമെന്നും ഇന്ത്യയുടെ പ്രഭുത്വത്തേയും അഖണ്ഡതയേയും ഞാൻ നിലനിറുത്തുമെന്നും ഞാൻ പ്രവേശിക്കാൻ പോകുന്ന കർത്തവ്യം ശ്രദ്ധാപൂർവ്വം നിർവ്വഹിക്കുമെന്നും സഗൗരവം സത്യപ്രതിജ്ഞ ചെയ്യുന്നു."

Mr. Speaker: Till a seat is assigned, the new Member may occupy the Advocate-General's seat.

[The member then occupied the seat]

ശ്രീ. കെ. കരുണാകരൻ: സർ, ഇന്നു സഭയ്ക്കു മുടക്കം വേണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നതു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സ്പീക്കർ സാധാരണ വിളിച്ചു കൂട്ടാറുള്ളതുപോലെ പാർട്ടി ലീഡേഴ്സിനെയെല്ലാം വിളിച്ചുകൂട്ടി തീരുമാനിച്ചാൽ മതി.

ശ്രീ. ബി. മാധവൻ നായർ: ഈ നിയമസഭയിലെ സ്റ്റാഫിനെല്ലാം അതിൽ പങ്കുചേരണമെന്നു ആഗ്രഹമുള്ളതുകൊണ്ടു അതിനു സന്ദർഭം നൽകുന്നതിനായി സഭയ്ക്കു് അവധി നൽകണമെന്നാണു് പ്രതിപക്ഷ നേതാവു അഭിപ്രായപ്പെട്ടതുപോലെ എനിക്കും അഭിപ്രായപ്പെടാനുള്ളതു്.

Mr. Speaker: We will think about it in the Chamber. Meanwhile the discussion on the Kerala Land Reforms (Amendment) Bill may be continued.

LIBRARY ARCHIVES Kerala Legislative Assembly